**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3385** **26-06-2024 - ൽ മറുപടിയ്ക്ക്**

**മിനിമം കൂലി നിശ്ചയിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ അവസാനമായി മിനിമം കൂലി നിശ്ചയിച്ചത് ഏത് വർഷമാണെന്നും ഏതൊക്കെ മേഖലകളിൽ എത്ര തുക വീതമാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ 87 തൊഴിൽ മേഖലകളെ ഉൾപ്പെടുത്തിയിട്ടുള്ളതും ആയതിൽ 85 മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളതുമാണ്. ടി തൊഴിൽ മേഖലകളിലെ ഓരോ വിഭാഗങ്ങൾക്കും തൊഴിലിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്കിലാണ് മിനിമം വേതനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.<br><br>സർക്കാർ അവസാനമായി മിനിമം കൂലി നിശ്ചയിച്ചത് 2024-ൽ ആണ്. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ട മിനിമം കൂലിയാണ് 09.02.2024 തീയതിയായി സ.ഉ. (അച്ചടി) നമ്പർ. 11/2024/തൊഴിൽ വിജ്ഞാപന പ്രകാരം അവസാനമായി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. മേൽ വിജ്ഞാപനത്തിന്റെ പകർപ്പ് **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | മിനിമം കൂലി നിശ്ചയിച്ച മേഖലകളിൽ ഈ കൂലി നൽകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇത് സംബന്ധിച്ച് പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | മിനിമം കൂലി നിശ്ചയിച്ച മേഖലകളിൽ ആയത് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം ഓരോ മേഖലകൾ കേന്ദ്രീകരിച്ച് സ്ക്വാഡ് പരിശോധനകളും, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വ്യക്തിഗത പരിശോധനകളും നടത്തി വരുന്നുണ്ട്. ടി പരിശോധനകളിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ, മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കുന്ന മുറയ്ക്കും ആവശ്യമായ നിയമനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം എന്ന പദ്ധതി പ്രകാരം ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വേതനം നിരീക്ഷിക്കുന്നതിനും മിനിമം വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട മിനിമം വേതനം നിയമപ്രകാരമുള്ള ക്ലെയിം അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ മുമ്പാകെ തൊഴിലാളികൾക്ക് നേരിട്ടോ ബന്ധപ്പെട്ട യൂണിയൻ മുഖേനയോ ക്ലെയിം പെറ്റിഷനുകൾ ഫയൽ ചെയ്യാവുന്നതുമാണ്. മിനിമം വേതന നിയമപ്രകാരമുള്ള ഇൻസ്പെക്ടർമാരായ ജില്ലാ ലേബർ ഓഫീസർമാർക്കും അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും അത്തരം പരാതികൾ ലഭിക്കാറുണ്ട്. അത്തരം പരാതികളിൽ ഉചിതമായ തുടർനടപടികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കുന്നുണ്ട്. എന്നാൽ, ബഹു.ഹൈക്കോടതി മുമ്പാകെ ചില തൊഴിലുടമകൾ മിനിമം വേതന വിജ്ഞാപനത്തിനെതിരായി ഹർജികൾ ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവുകൾ സമ്പാദിക്കുകയും ചെയ്യുന്നുണ്ട്. അത്തരം കേസുകളിൽ സ്റ്റേ നീക്കുന്ന മുറയ്ക്ക് മാത്രമേ ടി മിനിമം വേതന വിജ്ഞാപന പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത കേസുകളിൽ സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2024 ഫെബ്രുവരി 12<br>12th February 2024<br>1199 മകരം 29<br>29th Makaram 1199<br>1945 മാഘം 23<br>23rd Magha 1945 | നമ്പർ<br>No. | 519 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

G.O. (P) No.11/2024/LBR.

*Dated, Thiruvananthapuram, 9th February, 2024*
*26th Makaram, 1199.*

**S. R. O. No. 141/2024**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O. (P) No. 21/2015/LBR. dated 21st February, 2015 and published as S.R.O. No. 102/2015 in the Kerala Gazette Extraordinary No.408

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

dated 25th February, 2015, the Government of Kerala, after considering the advice of the Committee appointed under clause (a) of sub-section (1) of section 5 of the said Act, hereby revise the minimum rates of wages payable to the employees in the Cashew Industry sector in the State of Kerala as specified in the Schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## SCHEDULE

**1. Wages of piece rated workers**

1. Shelling : ₹ 54.79 for one kilogram shell removed full nut.
2. Peeling : ₹ 69.71 for one kilogram full nut for peeling the outer layer of the shell removed nut.
3. Peeling (Broken piece) : ₹ 47.90 for one kilogram nut sorted after peeling.
4. Mechanized Peeling : ₹ 16.82 for one kilogram.

**2. Wages of daily rated workers**

| *Sl. No.* | *Category* | *Basic Wages (₹)* |
|---|---|---|
| 1. | Grader | 422.55 |
| 2. | Tin Filler | 430.85 |
| 3. | Mycaud | |
| 4. | Lap Checker | |
| 5. | General Mycaud/Conveyor Belt/House Keeping | 455.76 |
| 6. | Stenciller | |
| 7. | Soaking & Seizing Worker | |
| 8. | Oil Expeller | |
| 9. | Headload Worker | 497.27 |
| 10. | Fireman | |
| 11. | Carpenter/Blacksmith/Mechanic | 538.78 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

### 3. Dearness Allowance

Among the Consumer Price Index published by the Department of Economics and Statistics, Kerala, the index published for Kollam Centre shall be reckoned as the criteria for the purpose of calculating the Dearness Allowance. The Dearness Allowance shall be given at the rate of 3 paise per 5 point in excess of 33850 points (1939=100) on the average of the Consumer Price Index of the last six months at Kollam District. The Dearness Allowance of 1st January to 30th June and 1st July to 31st December shall be reckoned on the basis of the Consumer Price Index of every six months of April to September and October to March respectively.

Daily rated workers and piece rated workers shall be paid one Dearness Allowance for one day's work.

If the employees at anyfactory at present are being paid better wages than the minimum wages mentioned in this notification, such employees shall be eligible to continue to receive the same.

By order of the Governor,
**SAURABH JAIN**
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per notification issued under G.O. (P) No. 21/2015/LBR. dated 21st February, 2015 and published as S.R.O. No. 102/2015 in the Kerala Gazette Extraordinary No.408 dated 25th February, 2015, Government have revised the minimum rates of wages to the employees in Cashew Industry sector. Considering the report of the Committee appointed to fix the revised rates of wages to the employees of the said industry, Government have decided to revise the minimum rates of wages to the employees in the Cashew Industry sector.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി) നം.11/2024/തൊഴിൽ

തിരുവനന്തപുരം, തീയതി, 2024, ഫെബ്രുവരി 9
1199, മകരം 26.

**എസ്. ആർ. ഒ. നമ്പർ 141/2024**

1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അതിന്റെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2015 ഫെബ്രുവരി 25-ാം തീയതിയിലെ 408-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 102/2015 ആയി പ്രസിദ്ധപ്പെടുത്തിയ 2015 ഫെബ്രുവരി 21-ാം തീയതിയിലെ സ.ഉ.(അച്ചടി) 21/2015/തൊഴിൽ നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ചശേഷവും, കേരള സർക്കാർ, കേരള സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

**പട്ടിക**

**1. പീസ് റേറ്റുകാരുടെ നിരക്ക്**

| | | | |
|---|---|---|---|
| 1. | ഷെല്ലിംഗ് | : | പുറന്തോട് കളഞ്ഞെടുത്ത ഒരു കിലോ മുഴുവൻ പരിപ്പിന് 54.79 രൂപ |
| 2. | പീലിംഗ് | : | പുറന്തോട് കളഞ്ഞ് പരിപ്പ് തൊലി നീക്കിയെടുക്കുന്നതിന് ഒരു കിലോ മുഴുവൻ പരിപ്പിന് 69.71 രൂപ |
| 3. | പീലിംഗ് (തല്ലുപൊടി) | : | തൊലി നീക്കി വേർതിരിച്ചെടുത്ത ഒരു കിലോ പരിപ്പിന് 47.90 രൂപ |
| 4. | മെക്കനൈസ്ഡ് പീലിംഗ് | : | ഒരു കിലോഗ്രാമിന് 16.82 രൂപ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**2. ദിവസ ശമ്പളക്കാരുടെ കൂലി**

| ക്രമ നമ്പർ | വിഭാഗം | അടിസ്ഥാന വേതനം (₹) |
|---|---|---|
| 1. | ഗ്രേഡർ | 422.55 |
| 2. | ടിൻ ഫില്ലർ | 430.85 |
| 3. | മൈക്കാട് | |
| 4. | ലാപ് ചെക്കർ | |
| 5. | മൈക്കാട് (ജനറൽ)/കൺവേയർ ബെൽറ്റ്/ഹൗസ് കീപ്പിംഗ് | 455.76 |
| 6. | സ്റ്റെൻസിലർ | |
| 7. | സോക്കിംഗ് & സൈസിംഗ് വർക്കർ | |
| 8. | ഓയിൽ എക്സ്പെല്ലർ | |
| 9. | ഹെഡ് ലോഡ് വർക്കർ | 497.27 |
| 10. | ഫയർമാൻ | |
| 11. | കാർപെന്റർ/ബ്ലാക്ക്സ്മിത്ത് /മെക്കാനിക്ക് | 538.78 |

**3. ക്ഷാമബത്ത**

കേരള സംസ്ഥാനത്തെ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയിൽ കൊല്ലം സെന്ററിന് വേണ്ടിയുള്ള സൂചികയാണ് ക്ഷാമബത്ത കണക്കാക്കുന്നതിന് മാനദണ്ഡമായി സ്വീകരിക്കേണ്ടത്. കൊല്ലം സെന്ററിന്റെ കഴിഞ്ഞ ആറ് മാസത്തെ ഉപഭോക്തൃ വില സൂചികയുടെ ശരാശരിയിൽ 33850 പോയിന്റിന് (1939=100) മുകളിൽ വരുന്ന ഓരോ അഞ്ച് പോയിന്റിനും മൂന്ന് പൈസ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും, ഒക്ടോബർ മുതൽ മാർച്ച് വരെയുമുള്ള ഓരോ ആറ് മാസത്തേയും ഉപഭോക്തൃ വിലസൂചികയുടെ ശരാശരി അടിസ്ഥാനത്തിൽ യഥാക്രമം ജനുവരി 1 മുതൽ ജൂൺ 30 വരെയും ജൂലൈ 1 മുതൽ ഡിസംബർ 31 വരെയുള്ള ക്ഷാമബത്ത ക്രമീകരിക്കേണ്ടതാണ്.

ദിവസക്കൂലിക്കാർക്കും, പീസ്റേറ്റ് ജോലിക്കാർക്കും ഒരു ദിവസത്തെ ജോലിയ്ക്ക് ഒരു ക്ഷാമബത്ത നൽകേണ്ടതാണ്.

ഏതെങ്കിലും ഫാക്ടറിയിൽ തൊഴിലാളികൾക്ക് ഇതിൽ പറയുന്ന കുറഞ്ഞ കൂലിയേക്കാൾ മെച്ചപ്പെട്ട കൂലി ഇപ്പോൾ നൽകി വരുന്നുണ്ടെങ്കിൽ അവർക്ക് അത് തുടർന്നും ലഭിക്കുവാനുള്ള അർഹതയുണ്ടായിരിക്കും.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**സൗരഭ് ജെയിൻ**
ഗവൺമെന്റ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി നിരക്കുകൾ 2015 ഫെബ്രുവരി 25-ാം തീയതിയിലെ 408-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 102/2015 ആയി പ്രസിദ്ധപ്പെടുത്തിയ 2015 ഫെബ്രുവരി 21-ാം തീയതിയിലെ സ.ഉ.(അച്ചടി) 21/2015/തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത വ്യവസായത്തിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനായി രൂപീകരിക്കപ്പെട്ട മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലിനിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.02.12 02:19:25 +05:30

സെക്ഷൻ ഓഫീസർ.